**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *238

18.06.2018-ൽ മറുപടി

## ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ് രാജേന്ദ്രൻ<br>ശ്രീ.ഡി.കെ മുരളി<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) ഉണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 2015-16 വർഷം വരെയുള്ള ഭരണ/പ്രവർത്തന റിപ്പോർട്ട് അവലോകനം ചെയ്തിട്ടുണ്ട്. |
| (ബി) ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ഭവനനിർമ്മാണ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) ഗൃഹശ്രീ ഭവനപദ്ധതി, സാഫല്യം ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് / വാണിജ്യ സമുച്ചയ പദ്ധതികൾ എന്നിവയാണ് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ. കൂടാതെ എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയുടെ നിർവഹണ ഏജൻസിയായും ഭവന നിർമ്മാണ ബോർഡ് പ്രവർത്തിച്ച് വരുന്നു. |
| (സി) ലൈഫ് മിഷൻ പദ്ധതിയുമായി ചേർന്ന് ഭവനനിർമ്മാണ ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിക്കായി 2018-19 വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്തും കോഴിക്കോട് ജില്ലയിലെ മുക്കത്തും ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കു-ന്നതിന് 1260 ലക്ഷം രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത |

തുക വിനിയോഗിച്ച് കണ്ണൂർ ജില്ലയിലെ പട്ടുവത്ത് 48 യൂണിറ്റുകളും കോഴിക്കോട് ജില്ലയിലെ മുക്കത്ത് 48 യൂണിറ്റുകളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ചെലവ് കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നിവയാണ് ഭവന നിർമ്മാണ വകുപ്പിന് കീഴിൽ ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നത്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ശാസ്ത്രീയമായ രീതിയിലാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. കൂടാതെ ഭവന നിർമ്മാണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രവും ചെലവു കുറഞ്ഞ വീട് നിർമ്മാണം പ്രചരിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യകൾ അഥവാ സീഫ് ടെക്നോളജി (Cost Effective Environment Friendly Technology) വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിന്റേയും ഭാഗമായി സംസ്ഥാന നിർമ്മിതി കേന്ദ്രം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രധാനമായും താഴെപ്പറയുന്ന മേഖലകളെ അടിസ്ഥാനമാക്കിയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

i) ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ ഗവേഷണത്തിനുള്ള സൗകര്യം ഒരുക്കൽ - ലാറി ബേക്കർ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്)

ii) ബദൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ സാമഗ്രികളുടെ ഉത്പ്പാദന കേന്ദ്രങ്ങളുടെ ആരംഭം.

iii) ചെലവു കുറഞ്ഞ സാങ്കേതിക വിദ്യയിൽ പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവർക്കായുള്ള അവബോധന പരിശീലന പരിപാടികളുടെ നടത്തിപ്പ്.

iv) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ

പി.റ്റി.പി. നഗറിലുള്ള കാമ്പസിൽ ബദൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഭവനങ്ങളുടെ മാതൃകകൾ ഗുണഭോക്താക്കൾക്ക് കണ്ടു മനസ്സിലാക്കുന്നതിനായി നിർമ്മിച്ചിട്ടുണ്ട്.

v) കെട്ടിട നിർമ്മാണ (ബദൽ) സാങ്കേതിക വിദ്യയിൽ തൊഴിൽ പരിശീലനം നൽകുക.

vi) കെട്ടിട നിർമ്മാണത്തിലെ അറിവു പകരുന്നതിനായി വിവിധ ജില്ലകളിൽ ഹൗസിംഗ് ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം

vii) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണനകേന്ദ്രമായ കലവറകളുടെ നടത്തിപ്പ്.

(ഇ) എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

(ഇ) എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം 2018-19 വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ ജില്ലയിൽ പട്ടുവത്തും കോഴിക്കോട് ജില്ലയിൽ മുക്കത്തും ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് 1260 ലക്ഷം രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് കണ്ണൂർ ജില്ലയിൽ പട്ടുവത്ത് 48 യൂണിറ്റുകളും കോഴിക്കോട് ജില്ലയിൽ 48 യൂണിറ്റുകളും നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് / വാണിജ്യ സമുച്ചയ പദ്ധതികൾ എന്നിവയും ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളാണ്.

(signature)

സെക്ഷൻ ഓഫീസർ